I/163078/2024

**സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**
**(ഹാജർ: ബീന പി എസ്)**

വിഷയം:- കൃഷി വകുപ്പ്- ജീവനക്കാര്യം- ഫെയർ കോപ്പി തസ്തികയിൽ സ്ഥലം മാറ്റം, ഉദ്യോഗക്കയറ്റം എന്നിവ അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1) സർക്കാർ ഉത്തരവ് (Ms) നമ്പർ 80/2023/Agri തീയതി 26/08/2023

2) ഈ കാര്യാലയത്തിലെ 01/12/2023 തീയതിയിലെ ADFW/13511/2023-OM(2) നമ്പർ ഉത്തരവ്

3) സർക്കാർ ഉത്തരവ് (P) നമ്പർ 27/21/finതീയതി 10/02/2021

**ഉത്തരവ് നമ്പർ ADFW/2379/2020-SA2 തീയതി . 04-01-2024**

പരാമർശം 1,2 ഉത്തരവുകൾ പ്രകാരം കൃഷി ഡയറക്ടറേറ്റിലെ നിലവിലുള്ള 5 ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ നിന്നും ഒരു തസ്തിക എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ കൃഷി ഡയറക്ടറേറ്റിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ സേവനത്തിലുണ്ടായിരുന്ന ശ്രീ രമേശ് നായിക് എസ് എം 31/12/2023 ൽ സേവനത്തിൽ നിന്നും വിരമിച്ചത് മുഖേനെ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവും നിലവിലുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത തസ്തികകളിലേക്ക് ചുവടെ പരാമർശിക്കും പ്രകാരം സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും അനുവദിച്ച് ഉത്തരവാകുന്നു.

**സ്ഥലം മാറ്റം**

കൃഷി ഡയറക്ടറേറ്റിൽ നിന്നും എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിലേക്ക് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ഫെയർ കോപ്പി സൂപ്രണ്ട് ശ്രീമതി ശ്രീരാജി പി വി യ്ക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാക്കുന്നു.

**ഉദ്യോഗക്കയറ്റം**

കൃഷി ഡയറക്ടറേറ്റിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ സേവനത്തിലുണ്ടായിരുന്ന ശ്രീ രമേശ് നായിക് എസ് എം 31/12/2023 ൽ സേവനത്തിൽ നിന്നും വിരമിച്ചത് മുഖേനെ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ നിലവിൽ വന്നിട്ടുള്ള ഒഴിവിലേക്ക് കൃഷി വകുപ്പിൽ സെലക്ഷൻ ഗ്രേഡ് തസ്തികയിൽ ഏറ്റവും സീനിയർ ആയിട്ടുള്ള കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി രാധ എം എൻ, ന് (സീനിയോറിട്ടി ലിസ്റ്റ് -ക്രമ നമ്പർ 109) ഉദ്യോഗക്കയറ്റം അനുവദിച്ച്, ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ (43400-91200 രൂപ ശമ്പള സ്കെയിലിൽ) നിയമിച്ച് ഉത്തരവാകുന്നു.

ടി ഉദ്യോഗസ്ഥർ യഥാസമയം സ്ഥലം മാറ്റം/ഉദ്യോഗക്കയറ്റം

I/163078/2024

അനുവദിക്കപ്പെട്ട ഓഫീസുകളിൽ സേവനത്തിൽ പ്രവേശിക്കേണ്ടതും, ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Signed by
Beena P S
Date: 04-01-2024 22:31:09

**BEENA P S**

**SENIOR ADMINISTRATIVE OFFICER**

സ്വീകർത്താവ്

1) ശ്രീമതി ശ്രീരാജി പി വി, ഫെയർ കോപ്പി സൂപ്രണ്ട്, (പ്രിൻസിപ്പൽ കൃഷി ഓഫീർ, ആലപ്പുഴ മുഖേനെ)

2) ശ്രീമതി രാധ എം എൻ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, (പ്രിൻസിപ്പൽ കൃഷി ഓഫീർ, കോഴിക്കോട് മുഖേനെ)

<u>പകർപ്പ്</u>

1) പ്രിൻസിപ്പൽ കൃഷി ഓഫീർ, ആലപ്പുഴ
2) പ്രിൻസിപ്പൽ കൃഷി ഓഫീർ, കോഴിക്കോട്
3) പ്രിൻസിപ്പൽ കൃഷി ഓഫീർ, എറണാകുളം
4) **DDA IT Cell,** (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)